ഒഴിവാക്കാനും ഒക്കെയുള്ള അധികാരം ഗവൺമെന്റിനുണ്ട്. അതുകൊണ്ട് ആ അധികാരം ഉപയോഗിച്ചു കൊണ്ട് ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്ന് ഡ്രെയിനേജ് നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത സ്ഥലങ്ങളിൽ നികുതിദായകരിൽ നിന്നും ഈടാക്കി വരുന്ന വസ്തു നികുതിയുടെ 2 ശതമാനം പിൻവലിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിൽ ഒരു പ്രമേയം അംഗീകരിച്ചിരുന്നു. പ്രസ്തുത തീരുമാനം ഗവൺമെന്റിന്റെ പരിശോധനയിലാണെന്നും കോർപ്പറേഷൻ അധികൃതരുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനം എടുക്കുന്നതാണെന്നും ഞാൻ സഭയിൽ ഉറപ്പ് തന്നിരുന്നു. അതനുസരിച്ച് മേയറുമായും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും ചർച്ചചെയ്തു. ചർച്ചയിൽ ബോദ്ധ്യപ്പെട്ട ഒരു കാര്യം തിരുവനന്തപുരം നഗരത്തിലെ എല്ലാ ഭാഗങ്ങളിലും ഭൂഗർഭ ഡ്രെയിനേജോ, ഉപരിതല ഡ്രെയിനേജോ ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ്. അതിനാൽ വസ്തു നികുതിയിൽ നിന്നും ഡ്രെയിനേജിന്റെ ഘടകം ഒഴിവാക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേരളത്തിലെ എല്ലാ നഗരസഭകളിലും നിലവിലുള്ള നികുതി സംവിധാനത്തിൽ നിന്നും തിരുവനന്തപുരം കോർപ്പറേഷനെ മാത്രം ഒഴിവാക്കാൻ നിർവ്വാഹമില്ലാത്ത ഒരു അവസ്ഥയും ഉണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിലെ മുനിസിപ്പൽ ചെയർമാൻമാരെ പ്രത്യേകമായി വിളിച്ച് ഇക്കാര്യം ചർച്ചചെയ്ത് ആവശ്യമായിട്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതാണ്.

മി.സ്പീക്കർ : അതിൽ ഇനി അധിക കാലതാമസം വേണ്ട.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : യേസ്.

(12) ചേർത്തല താലൂക്കിൽ ഉണ്ടായ ബസ്സപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കുപറ്റിയവർക്കും അടിയന്തിര സഹായം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കഴിഞ്ഞ ദിവസം ആലപ്പുഴ ജില്ലയിലെ ചേർത്തലക്ക് സമീപം മതിലകം ഗ്രേറ്റ് ഗാർഡൻ ആശുപത്രിക്ക് സമീപം വച്ച് തിരുവനന്തപുരത്തേക്ക് രാജ്ഭവൻ മാർച്ചിന് വരികയായിരുന്ന ടൂറിസ്റ്റ് ബസും, കണ്ടെയ്നർ ലോറിയും തമ്മിൽ കൂട്ടിയിടിച്ച് 4 പേർ മരണപ്പെടുകയും, 47 പേർക്ക് പരിക്കുപറ്റുകയും ചെയ്ത അതിദാരുണമായ സംഭവം ഉണ്ടാകുകയുണ്ടായി. മരണപ്പെട്ടവരിൽ രണ്ട് സഹോദരിമാർ, എന്റെ നാട്ടുകാരാണ്. മഞ്ചേരി ധന്യാ നിവാസിൽ സുശീലയും, മഞ്ചേരി അരുക്കിഴായ ശോഭാ നിവാസിൽ രാധാദേവിയും, കൂടാതെ ലോറി ഡ്രൈവർ പുന്തനങ്ങാടി ദേവരാജൻ, ക്ലീനർ സുനിൽ എന്നിവരാണ് മരണപ്പെട്ടത്. ഗുരുതരമായ പരിക്കുപറ്റി 47 പേർ ആശുപത്രിയിൽ കിടക്കുന്നതിൽ മൂന്നു പേരുടെ സ്ഥിതി വളരെ മോശമാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അറിയാൻ കഴിഞ്ഞത്. മഞ്ചേരി കാരായിൽ ഇന്ദിരാ ദേവിയും, മഞ്ചേരി കരുവാൻ പറമ്പിൽ ജിതിൻ നിവാസിൽ ലക്ഷിക്കുട്ടിയമ്മയും, മഞ്ചേരി സ്വദേശിനി ഗിരിജയുമാണ് ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്നത്. കേന്ദ്രസർക്കാർ കമ്മീഷൻ വെട്ടിക്കുറച്ചതിനെതിരായി മഹിളാ പ്രധാൻ ഏജന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ രാജ്ഭവൻ മാർച്ചിന് വരികയായിരുന്നു ആ സഹോദരിമാർ. പുലർച്ചെ 1.45 നാണ് സംഭവം നടന്നത്. നമ്മുടെ ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ സ്ഥലം സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, ആശുപത്രിയിലെ ബില്ലുകൾ ക്ലീയർ ചെയ്യാത്തതിന്റെ പേരിൽ മൃതദേഹങ്ങൾ പോലും അവിടെ തടഞ്ഞുവച്ച സംഭവമുണ്ടായി. ഏഴായിരം ഉറുപ്പിക കൊടുക്കാത്തതിന്റെ പേരിൽ മൃതദേഹം പോസ്റ്റ്മോർട്ടത്തിനയയ്ക്കാൻ പോലും സ്വകാര്യ ആശുപത്രി അധികൃതർ അധികൃതർ തയ്യാറായില്ല. നാട്ടുകാർ പിരിവെടുത്ത് അവിടെ ഏഴായിരം രൂപ കെട്ടിവച്ചതിന് ശേഷമാണ്, മണിക്കൂറുകൾ കഴിഞ്ഞതിനു ശേഷമാണ് മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്യാൻപോലും അവിടെനിന്ന് കിട്ടിയത്. മാത്രമല്ല മുഖ്യമന്ത്രി ഇതിന്റെ എല്ലാ ചെലവുകളും വഹിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെങ്കിലും അവിടെ എത്തിയ തഹസീൽദാറും, കളക്ടറും പരിക്കു പറ്റിയവർക്ക് 500 ഉറുപ്പികയും, മരണപ്പെട്ടവർക്ക് 1000 ഉറുപ്പികയുമാണ് നൽകിയത്. ഈ സഹായം കൊണ്ട് അവർക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. മുഖ്യമന്ത്രിയും അതുപോലെ മറ്റു മന്ത്രിമാരും സ്വകാര്യ ആശുപത്രിയിലെ എല്ലാ ചെലവുകളും, തിരിച്ചുപോകാനുള്ള സൗകര്യവും കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഞാൻ ഇപ്പോൾ പ്രസംഗിക്കുന്ന നിമിഷം ബന്ധപ്പെട്ടപ്പോൾ പോലും അങ്ങനെ ഒന്നും അവിടെ കിട്ടിയില്ല. വെറും 500 ഉറുപ്പികയാണ് കിട്ടിയിട്ടുള്ളത്. മാത്രമല്ല ഈ സന്ദർഭത്തിൽ നാട്ടുകാരുടെ എല്ലാ സഹായ സഹകരണങ്ങളും ഉണ്ടായപ്പോഴും ചില സാമൂഹ്യദ്രോഹികൾ ആ സഹോദരിമാരുടെ ബാഗും, പണവും, ചെയിനും, വളയുമടക്കം കൊള്ള ചെയ്തു. ആ സ്വകാര്യ ആശുപത്രിയിൽ ചെറിയ പരിക്കുള്ളവർക്കു പോലും 1500, 2500 ഉറുപ്പികയ്ക്ക് ബിൽ എഴുതി. ആശ്രുപത്രിഅധികൃതരുടെ ഭാഗത്ത് നിന്നും വളരെ മോശപ്പെട്ട പെരുമാറ്റമാണ് ഉണ്ടായിരുന്നത്. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും, നഷ്ടപ്പെട്ട സാധനങ്ങൾ തിരിച്ചുകൊടുക്കുവാനുള്ള നടപടി ഉണ്ടാക്കുകയും ചെയ്യണം. കൂടാതെ അടിയന്തിരമായി മലപ്പുറം ജില്ലാ കളക്ടർക്കും, ആലപ്പുഴ ജില്ലാകളക്ടർക്കും അപകടത്തിൽപ്പെട്ടവർക്ക് തിരിച്ച് പോകാനുള്ള ചെലവും, സ്വകാര്യ ആശുപത്രിയിലെ മുഴുവൻ ചെലവും മറ്റ് സാമ്പത്തിക സഹായങ്ങളു മെത്തിക്കാൻ നിർദ്ദേശം നൽകണമെന്നും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ വളരെ വിശദമായി പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇന്നലെ ചേർത്തല താലൂക്കിൽ വളരെ ദാരുണമായ ഒരു സംഭവമാണ്

ഉണ്ടായത്. 28-02-2000 വെളുപ്പിനാണ് മഹിളാ പ്രധാൻ ഏജന്റുമാർ സഞ്ചരിച്ചിരുന്ന ഒരു ടൂറിസ്റ്റ് ബസ് മറ്റൊരു ലോറിയുമായി കൂട്ടിയിടിച്ച് നാലു പേർ മരിച്ചത്. 47 പേരാണ് പരിക്കുപറ്റിയിട്ട് വിവിധ ആശുപത്രികളിലായിട്ട് ഉള്ളത്. മരിച്ച രണ്ടുപേർ മഞ്ചേരിക്കാരാണ്. രാധാമണിയും, സുശീലയും. മറ്റു രണ്ടുപേർ ഡ്രൈവറും, ക്ലീനറുമാണ്. ദേവരാജനും, സുനിലും. സുനിൽ പാലക്കാട്ടുകാരനാണ്. ഈ സംഭവം അറിഞ്ഞ ഉടനെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കളക്ടറും, റവന്യൂ ഉദ്യോഗസ്ഥൻമാരും സ്ഥലത്ത് എത്തിയിരുന്നു. അതുപോലെ പോലീസും ഫയർ ഫോഴ്സും സന്നിഹിതരായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട നടപടികളൊക്കെതന്നെ അവർ നിർവ്വഹിച്ചിട്ടുണ്ട്. സാധാരണഗതിയിൽ അപ്പോൾ നിയമാനുസൃതമായി കളക്ടർക്ക് ചെയ്യാൻ കഴിയുന്ന നടപടിയാണ് പരിക്ക് പറ്റിയവർക്ക് 500 രൂപ നൽകലും, മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1000 രൂപ നൽകുക എന്നുള്ളതും. അത് ഒരു നിയമാനുസൃത നടപടിയുടെ ഭാഗമായി ചെയ്തതാണ്. എന്നാൽ അതിനുശേഷം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർ, ധനകാര്യവകുപ്പുമന്ത്രിയും അതുപോലെ തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും സ്ഥലത്തുപോയിരുന്നു. പരിക്കേറ്റവരെ കണ്ട് ആവശ്യമായ നടപടികൾ എടുക്കുന്നതിനുള്ള നിർദ്ദേശവും നല്കിയിരുന്നു. അതുകൊണ്ട് ഉടനെതന്നെ കളക്ടറുമായി ബന്ധപ്പെട്ട് ഇതിൽ നടപടികൾ നിർവഹിക്കേണ്ടത് എന്താണെന്ന് എന്നതിനെ സംബന്ധിച്ചന്വേഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം ഉറുപ്പിക നല്കും. അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ പരിക്കുപറ്റിയവർക്ക് ആവശ്യമായ ചികിത്സാ സഹായം ഇന്നലെ സ്ഥലം സന്ദർശിച്ച മന്ത്രിമാർ ഉറപ്പു നൽകിയതാണ്, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സഹായം നൽകുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നെ ഇവിടെ ചില ആശുപത്രികളിൽനിന്നുള്ള പെരുമാറ്റം ഇതുപോലുള്ള സന്ദർഭങ്ങളിൽ പാടില്ലാത്തതാണ് എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. തീർച്ചയായിട്ടും അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിക്കുകയും ഇതുപോലുള്ള ദാരുണമായ സംഭവമുണ്ടാകുകയും അതിൽ പരിക്കേൽക്കുകയും ചെയ്തവരുടെ പോസ്റ്റു മാർട്ടത്തിനു പോലും ബിൽ ക്ലീയർ ചെയ്യാതെ വിട്ടുകൊടുക്കുകയില്ല എന്ന ഒരു മനുഷ്യത്വമില്ലാത്ത സമീപനം ഏതെങ്കിലും ഹോസ്പിറ്റലിലെ ജീവനക്കാരോ ഡോക്ടർമാരോ എടുത്തിട്ടുണ്ടെങ്കിൽ അത് എന്തുകൊണ്ട് വന്നുവെന്ന് അന്വേഷിക്കുകയും ചെയ്യും. മറ്റു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ പുരകത്തുമ്പോൾ വാഴവെട്ടുന്ന ഇത്തരം സമീപനം സ്വീകരിക്കുന്ന ആളുകൾ എല്ലാ സ്ഥലത്തും ഉണ്ട്. അത് അപ്പുറത്താണല്ലോ ഉള്ളത്. അപ്പുറത്ത്, എന്ന് പറഞ്ഞത് ഇവിടെയല്ല, കുറെ അപ്പുറത്ത്, അങ്ങനെയാണ് ഞാൻ പറഞ്ഞത്. ആര്യാടൻ, എപ്പോഴും ഗൗരവം പാടില്ല. ഈ മഹിളാപ്രധാൻ പരിപാടിയിൽ പങ്കെടുത്തവരിൽ കൂടുതൽ സ്ത്രീകളായിരുന്നു. അപകടം സംഭവിച്ചത് ഉറക്കത്തിലായിരുന്നപ്പോഴാണ്. വളരെ പെട്ടെന്നാണ് ഇത് സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അവരുടെ സാധനങ്ങൾ പലർക്കും മുഴുവൻ നഷ്ടപ്പെട്ടു. പലർക്കും പരിക്കുപറ്റി, ആശ്വാസനടപടികൾക്ക് എന്ന പേരിൽ വന്ന് ഇവരെ കൊള്ളയടിക്കുകയും സാധനങ്ങൾ മോഷ്ടിക്കുകയും ചെയ്ത അപൂർവ്വം ചിലയാളുകളെ സംബന്ധിച്ചാണ്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അങ്ങനെ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് ആര് ചെയ്തു, എന്നതിനെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. അവരുടെ എന്തൊക്കെ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ എങ്ങനെയൊക്കെ അവരെ സഹായിക്കാൻ കഴിയും എന്നതും പരിശോധിക്കും. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. മൂന്ന് മന്ത്രിമാരും ഈ സംഭവം അറിഞ്ഞ ഉടനെ അവിടെപോയി. അതുകൊണ്ട് നിസ്സാരമായി എടുത്തുവെന്ന തെറ്റിദ്ധാരണയൊന്നും വേണ്ട. മുപ്പതിനായിരം ഉറുപ്പിക നാളെ അവർക്ക് എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ മുഴുവൻ സഹായവും ചെയ്യുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. ഇതുപോലെ സംഭവങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അടിയന്തിരമായി ഇതിൽ ഇടപെടുകയും ആശ്വാസനടപടികൾ എടുക്കുകയും ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ആക്സിഡന്റ് ഉണ്ടാകുമെന്ന ധാരണയിൽ പോലീസുകാർക്ക് മുൻകൂട്ടി അവിടെ നിൽക്കാൻ പറ്റുകയില്ലല്ലോ. എന്റെ ജേക്കബ്ബേ, നമുക്ക് ഇക്കാര്യത്തിൽ ഒരു കോമൺസെൻസ് വേണ്ടേ, രാത്രി രണ്ട് മണിക്കാണ് സംഭവം നടക്കുന്നത്. ഈ സംഭവം നടന്ന് ആളുകൾ പലരും വരുന്നതിന്റെ കൂട്ടത്തിലാണ് പോലീസുകാരും വരുന്നത്. പോലീസ് സ്റ്റേഷനിൽ എല്ലാം റെഡിയായിട്ട് നിൽക്കുകയാണോ, ദേഷ്യപ്പെടുകയല്ല, കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ പറയാൻ വേണ്ടി പറയുന്ന സമീപനം സ്വീകരിക്കരുത്. ഇക്കാര്യത്തിൽ ചെയ്യാവുന്നിടത്തോളം മാക്സിമം ചെയ്തിട്ടുണ്ട്, ഇനി ഇത്തരം ആക്ഷേപങ്ങളുണ്ടെങ്കിൽ ഗൗവരമായിട്ട് പരിശോധിക്കുന്നതാണ്. കുറ്റക്കാരെന്ന് കണ്ടാൽ കർശനമായ നടപടി സ്വീകരിക്കും.

IV നിയമനിർമ്മാണകാര്യം

2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും†

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

†അനുബന്ധം-XIV & XV

LIBRARY ARCHIVES Kerala Legislative Assembly